## പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2075 | 12.02.2013-ൽ മറുപടിയ്ക്ക്.

**വന്യജീവി വാരാഘോഷ മത്സരങ്ങളിൽ കന്നടഭാഷ ഇനങ്ങൾ ഉൾപ്പെടുത്താൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക് | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പിന്റെ വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി നടത്തുന്ന മത്സരങ്ങളിൽ കന്നട ഭാഷാ ഇനങ്ങൾ ഉൾപ്പെടാത്തതിനാൽ കാസർഗോഡ് ജില്ലയിലെ കന്നട ഭാഷാ വിദ്യാർത്ഥികൾക്ക് മത്സരങ്ങളിൽ പങ്കെടുക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും - കാസർഗോഡ് ജില്ലയിലെ കന്നട ഭാഷാ വിദ്യാർത്ഥികൾക്ക്, വനം വകുപ്പിന്റെ വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന മത്സരങ്ങളിൽ മറ്റു വിദ്യാർത്ഥികളെപ്പോലെ പങ്കെടുക്കാൻ കഴിയുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള സംവിധാനങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) പ്രസ്തുത മത്സരങ്ങളിൽ കന്നട ഭാഷാ ഇനങ്ങൾ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ.